# PERSPECTIVES



## CHALAVARA HIGHER SECONDARY SCHOOL



"എത്രയോ മായാത്ത
ചിത്രങ്ങളെന്നിൽ
വരച്ചു ചേർത്തു എൻ
വിദ്യാലയം
മധുരിക്കും ഓർമ്മകൾ
സമ്മാനമായി തന്നു
ഓർമയിൽ എന്നും
ചേർന്നു നിന്നു
എത്ര മനോഹരമാണെൻ
വിദ്യാലയം
സൗഗന്ധികത്തിൻ
ചാരുതയോടെ
അക്ഷരപ്പൂവുകൾ
മന്ത്രങ്ങളായെന്നിൽ
അമൃത് പകർന്നൊരു
ദേവാലയം......."






**Sri. Sunil Raj KB**
**Principal**



**Smt. A.C RAJITHA**
**Headmistress**


# പ്രണാമം

"Life and death appeared to me ideal bounds,which I should first break through and pour a torrent of light into our dark world."

***MARY SHELLEY***



Sri. P K SUDHAKARAN
Manager



Sri. P GOVINDAN KUTTY
Principal & Manager

# അരനൂറ്റാണ്ട് പിന്നിട്ട വിദ്യാലയം

1947 ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച 19 വർഷങ്ങൾക്കും ശേഷമാണ് ചളവറക്കാർക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം എന്ന ഒരു സ്വപ്നം സഫലമാകുന്നത്. നമ്മുടെ കുട്ടികൾക്ക് എട്ടാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള പഠനം നടത്തുന്നതിന് കേരളപ്പിറവിക്ക് ശേഷവും ഒരു പതിറ്റാണ്ട് കാത്തു നിൽക്കേണ്ടിവന്നു. ഏഴാം ക്ലാസ് വരെയുള്ള പ്രൈമറി വിദ്യാഭ്യാസം പൂർത്തീകരിച്ച കുട്ടികൾ പഠനം നടത്തിയത് എങ്ങനെയായിരുന്നു? കുറേ ചെറുപ്പക്കാർ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ബോംബെ, മദിരാശി, കൽക്കട്ട, ഡൽഹി തുടങ്ങിയ വൻ നഗരങ്ങളിലേക്ക് തൊഴിൽ അന്വേഷിച്ച് വണ്ടി കയറി. ഭൂരിഭാഗം വരുന്ന കുട്ടികളും പഠനം നിർത്തി കാർഷികവൃത്തിയിൽ ഏർപ്പെടുന്നവരായി മാറി. പ്രത്യേകിച്ച് ആൺകുട്ടികൾ. പെൺകുട്ടികളിൽ ഭൂരിപക്ഷവും വീട്ടുജോലികളിൽ വ്യാപൃതരായി. വളരെ ചുരുക്കം കുട്ടികൾ മാത്രം ഏതാണ്ട് 15 – 20% അകലെയുള്ള ഹൈസ്കൂളുകളിൽ തുടർന്ന് പഠിച്ചു.

ചെർപ്പുളശ്ശേരി, അനങ്ങനടി, വല്ലപ്പുഴ, കെ വി ആർ എന്നീ ഹൈസ്കൂളുകളെയാണ് 10 വരെയുള്ള പഠനത്തിനായി തെരഞ്ഞെടുത്തത്. ഇടത്തരം ജന്മി കർഷക കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ മാത്രമായിരുന്നു പത്താം ക്ലാസ് വരെയെങ്കിലും വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനായി അകലെ നമ്മുടെ പഞ്ചായത്തിന് പുറത്തുള്ള സ്കൂളുകളിൽ പോയി പഠിച്ചിരുന്നത്.

പുരോഗമനവിപ്ലവ പ്രസ്ഥാനങ്ങളുടെ ഈറ്റില്ലമായ ചളവറ മറ്റൊരു മോസ്കോ ആയാണ് ആ കാലത്ത് അറിയപ്പെട്ടിരുന്നത്. സമുദായ പരിഷ്കർത്താവും അക്കാലത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻ്റെ അമരക്കാരനും ചളവറ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡൻ്റുമായിരുന്ന ശ്രീ ഐസിപി നമ്പൂതിരിയും ചളവറക്കാരനും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ

നേതാവുമായിരുന്ന നമ്മുടെ ആദ്യത്തെ എംഎൽഎ ശ്രീ കുഞ്ഞുണ്ണി നായരും എല്ലാ വേദികളിലും ചളവറയിൽ ഒരു ഹൈസ്കൂൾ എന്ന ആശയം ജനങ്ങളുടെ ചർച്ചയ്ക്കായി മുന്നോട്ടുവച്ചു.

അക്കാലത്തെ അറിയപ്പെടുന്ന നേതാവും സമര പോരാട്ടങ്ങൾക്ക് നേതൃത്വം വഹിച്ചിരുന്ന ശ്രീ എം പി കുഞ്ചു, ശ്രീ രാമൻ നായർ എന്നിവർ സ്കൂളിന് ആവശ്യമായ സ്ഥലം നൽകാൻ തയ്യാറായതോടെ നിരവധി പേർ സ്കൂൾ നിർമ്മാണത്തിന് ആവശ്യമായ മരം കല്ല് തുടങ്ങിയ സാധനസാമഗ്രികളും നൽകാൻ തയ്യാറായി.

ആദ്യത്തെ മാനേജരായി കാടമ്പറ്റ ഉണ്ണിത്തമ്പുരാൻ നിയമിതനായി. തുടർന്ന് അഡ്വക്കേറ്റ് ചന്ദ്രശേഖരമേനോൻ, പാലാട്ട് കുട്ടൻ മേനോൻ, ചാഴിയാട്ട് രാമകൃഷ്ണൻ, പി ഗോവിന്ദൻകുട്ടി മാസ്റ്റർ, എം കുഞ്ചു നായർ, വേണു മാസ്റ്റർ, എംപി ബാലൻ, കെ സുധാകരൻ, എംപി ഗോവിന്ദരാജൻ എന്നിവർ മാനേജർമാരായി പ്രവർത്തിച്ചു.

1966 ജൂണിൽ ഇന്നു നാം കാണുന്ന സ്കൂൾ ഹാളിൽ മൂന്ന് ക്ലാസ് മുറികളും 120 വിദ്യാർത്ഥികളുമായി തുടങ്ങാൻ കഴിഞ്ഞത് നാട്ടുകാരുടെ കൂട്ടായ്മയും അധ്വാനവും അതിനു നേതൃത്വം കൊടുത്തവരുടെ നിശ്ചയദാർഢ്യവും ഉണ്ടായിരുന്നു.സ്കൂളിനെ നയിക്കുന്നതിന് പ്രാഗത്ഭ്യവുമുള്ള ഒരു അധ്യാപകനെ തന്നെ വേണമെന്ന ചർച്ചയുടെ ഭാഗമായി അന്ന് അനങ്ങനടി സ്കൂളിലെ അധ്യാപകനായിരുന്ന ശ്രീ. വി ജനാർദ്ദന മേനോൻ മാസ്റ്ററെ ആദ്യത്തെ ഹെഡ്മാസ്റ്ററായി നിയമിച്ചു. ഒട്ടേറെ പ്രശ്നങ്ങൾ വ്യക്തിപരമായും ഒരു പുതിയ വിദ്യാലയത്തിന്റെ മുഖ്യസാരഥി എന്ന രീതിയിലും വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് പ്രവർത്തിക്കാൻ അദ്ദേഹം തയ്യാറായി എന്നത് എടുത്തു പറയേണ്ടതാണ്. 1968 പ്രൈമറി വിഭാഗത്തിൽ 5 മുതലുള്ള ക്ലാസുകൾ ആരംഭിക്കാൻ സർക്കാരിൽ നിന്നും അനുമതി ലഭിച്ചു.

1998ൽ കേരളത്തിൽ എല്ലാ ഹൈസ്കൂളിനോടനുബന്ധിച്ച ഹയർസെക്കൻഡറി സ്കൂളുകൾ വന്നതിന്റെ ഭാഗമായി ചളവറ ഹൈസ്കൂൾ

എന്ന സ്ഥാപനം ഹയർ സെക്കൻഡറി സ്കൂൾ ആയി മാറി. ഇതിൻ്റെ പ്രവർത്തനങ്ങൾക്ക് സുധാകരൻ മാസ്റ്ററും അന്ന് മാനേജർ ആയിരുന്ന ചാഴിയാട്ട് രാമകൃഷ്ണനും നേതൃത്വപരമായ പങ്ക് വഹിച്ചു. തുടക്കത്തിൽ സയൻസ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ് എന്നിങ്ങനെ 3 ബാച്ചുകൾക്ക് അനുമതി ലഭിച്ചു. വികസനത്തിന്റെ ഒട്ടേറെ പടവുകൾ കയറി ഇന്നും 2000 ത്തോളം വിദ്യാർത്ഥികളും നൂറോളം അധ്യാപകരും ഉള്ള ഒരു വലിയ സ്ഥാപനമായി ചളവറ ഹയർസെക്കൻഡറി സ്കൂൾ മാറി.

ഒരു ജനകീയ കൂട്ടായ്മയുടെ ഉൽപ്പന്നമായ ഈ വിദ്യാലയത്തിന് ഇനിയും ഉയരങ്ങളിൽ എത്തുന്നതിന് അനുകൂലമായ ഒരുപാട് സാഹചര്യങ്ങൾ ഉണ്ട്. കേരള വിദ്യാഭ്യാസ ചരിത്രത്തിൽ തന്നെ ഇടം പിടിക്കാൻ കഴിയുന്ന ഒരു സ്ഥാപനമായി ചളവറ ഹയർ സെക്കൻഡറി സ്കൂൾ മാറുമെന്ന് പ്രതീക്ഷിക്കാം.

Sri. M P Govindarajan
Manager





SAFA
10 B

# ചളവറ
# വള്ളുവനാടിന്റെ കനവ്

വള്ളുവനാട്ടിലെ മോസ്കോ ആയി അറിയപ്പെടുന്ന ഗ്രാമമാണ് ചളവറ. ആധുനിക കേരളം രൂപം നൽകിയ സമത്വചിന്തകൾക്ക് നിദാനമായ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണ സമ്മേളനമായ പിണറായി പാറപ്പുറം സമ്മേളനത്തിൽ പങ്കെടുത്ത 33 പേരിൽ രണ്ടുപേർ ചളവറക്കാരായ പി. വി കുഞ്ഞുണ്ണി നായരും, ഐ .സി .പി യും ആയിരുന്നു.

ചെറുകുന്നുകളാൽ ചുറ്റപ്പെട്ട, വയലേലകൾ സൗന്ദര്യം വിടർത്തുന്ന മുണ്ടക്കോട്ടുകുറുശ്ശി, തൃക്കാരമണ്ണ, ചളവറ, പുലിയാനം കുന്ന്, കയിലിയാട്, വേമ്പലത്തുപാടം പ്രദേശങ്ങൾ അടങ്ങിയ ഈ ഗ്രാമം ചെറുകിട കൃഷിക്കാരുടേതും, കർഷക തൊഴിലാളികളുടേതുമാണ്. അധ്വാനത്തിന്റെ മഹത്വം വിളിച്ചോതുന്ന കലകളും, കലാരൂപങ്ങളും, കൊയ്ത്ത് ഉത്സവങ്ങളും ഗ്രാമ ജീവിതത്തിന് സാംസ്കാരിക മേൽപ്പുടവ സൃഷ്ടിച്ചിട്ടുണ്ട്. നെൽകൃഷിയും, നാളികേര കൃഷിയും, വാഴ കൃഷിയും ആണ് പ്രധാനമായും കാർഷിക ജീവിതത്തിന്റെ അടിത്തറ. അക്ഷരാഭ്യാസംപോലും ഭൂരിപക്ഷം പേർക്കും നിഷേധിക്കപ്പെട്ട ഒരു കാലയളവിലാണ് ചരിത്രത്തിൽ അടയാളപ്പെടുത്തിയ സാമൂഹ്യ മുന്നേറ്റങ്ങൾ ഇവിടെ നടന്നത്. ഇട്ടിയാംപറമ്പത്ത് മനയിൽ നിലവിലുള്ള സാമൂഹ്യ അനാചാരങ്ങളെ വെല്ലുവിളിച്ച കൊണ്ടാണ് വൃദ്ധനും രോഗിയുമായ നമ്പൂതിരിയുടെ, ഇവിടെ വേളി കഴിക്കാനുള്ള നീക്കത്തെ തടഞ്ഞത്. ഐ സി പി യുടെ സഹോദരി ഉമഅന്തർജനം, എം ആർ ബി. യെ വിവാഹം കഴിച്ച് ആ സമുദായത്തിലെ ആദ്യ വിധവാവിവാഹത്തിനും, കല്ലാട്ട കൃഷ്ണനെ വിവാഹം കഴിച്ച് ആദ്യ സ്വജാതി അല്ലാത്ത വിവാഹത്തിനും ഒരുങ്ങിയത് അക്കാലത്ത് വിപ്ലവകരമായ സംഭവങ്ങൾ ആയിരുന്നു.

ഐ എസ് നമ്പൂതിരിയുടെ ഭാര്യ പത്താം ക്ലാസ് കഴിഞ്ഞ് മിഡ് വൈഫറി കോഴ്സിന് ചേർന്ന്, മിഡ് വൈഫ് ആയത് സമൂഹത്തിൻറെ നെറ്റി ചുളിപ്പിച്ചു.

വിദ്യാർത്ഥി നേതാവും, ഡോക്ടർ സക്കീർ ഹുസൈന്റെ ശിഷ്യനുമായ മുഹമ്മദ് ഇസഹാക്ക്, കാമ്പ്രത്ത് പത്മാവതി അമ്മയെ പ്രണയിച്ച് വിവാഹ ബന്ധത്തിൽ ഏർപ്പെട്ടത് അക്കാലത്ത് സഫലമായ ഒരു മൊയ്തീൻ കാഞ്ചനമാല പ്രേമം പോലെ ജനങ്ങളിൽ ഏറെക്കാലം ചർച്ചാ വിഷയമായിരുന്നു.

1966 ൽ നാട്ടുകാരുടെ ശ്രമഫലമായി ചളവറ ഹൈസ്കൂൾ നിലവിൽ വന്നു. 1998 ൽ അത് ഹയർസെക്കൻഡറി സ്കൂൾ ആയി ഉയർത്തപ്പെട്ടു.

വയലാർ സിംഹം കുമാരപ്പണിക്കർ ഒളിവിൽ ഇരിക്കുന്ന കാലത്താണ് 1950കളുടെ തുടക്കത്തിൽ ചളവറ പൊതുജന വായനശാല രൂപീകരിക്കുന്നത്. വായനശാലയും അവിടെ രൂപപ്പെട്ട ബൗദ്ധികാന്തരീക്ഷവും നിരവധി തലമുറകൾക്ക് അറിവിന്റെ വെളിച്ചം പകർന്നു. പുതിയ ലോക പരിഷ്കാരങ്ങൾ കൊണ്ട് വീർപ്പുമുട്ടുന്ന മനുഷ്യബന്ധങ്ങളുടെ പാരസ്പര്യങ്ങൾക്ക് പുതിയ അർത്ഥങ്ങൾ നൽകപ്പെടുന്ന ഇക്കാലത്തും ജീവിത ബന്ധങ്ങളുടെ ഊഷ്മളത നിലനിർത്തുന്ന ഈ വള്ളുവനാടൻ ഗ്രാമം അതിന്റെ തനിമ ഉയർത്തിപ്പിടിക്കുകയാണ്.

**Sri P K Sudhakaran Master**

# കളിപ്പാട്ടം

കണ്ണുകൾ എന്തോ തിരയുന്നു .പൂരപ്പറമ്പിലെ തിരക്കുകളിലൂടെ കാർത്തു നടന്നു.എന്നാൽ കണ്ണിൽ കുളിർമയേകുന്ന ഒന്നും അവൾക്ക് കാണാൻ കഴിഞ്ഞില്ല .

അമ്പലക്കുളത്തിൻറെ ഇടവഴിയിൽ നിരത്തിവെച്ചിരിക്കുന്ന കളിപ്പാട്ടങ്ങളുടെ തിളക്കം അവളെ അങ്ങോട്ട് ക്ഷണിച്ചു

വിരലുകൾ ഓരോന്നായി തൊട്ടുതലോടി അവസാനം എന്നെ കൈയിലെടുത്തപ്പോൾ ഞാനൊന്നു നോക്കി കണ്ണടച്ചു . അവൾ ഉറക്കെ ശബ്ദത്തിൽ പറഞ്ഞു എനിക്ക് ഇതു മതി അച്ഛാ.......

പിന്നീട് എൻറെ യാത്ര മുഴുവനും അവളുടെ ഒക്കത്തിരുന്നായിരുന്നു എനിക്ക്കണ്ണ്എഴുതിയും. എന്നെപൊട്ടുതൊട്ടിച്ചും. എൻറെ സൗന്ദര്യം അവളുടെ സൗന്ദര്യത്തേക്കാൾ ശ്രദ്ധിച്ചിരുന്നു..



അങ്ങിനെ ദിവസങ്ങളും മാസങ്ങളും കടന്നുപോയി വീട്ടിൽ അവളുടെ മാമൻ മുംബൈയിൽനിന്നും കൊണ്ടുവന്നിട്ടുള്ള ഒരു പുതിയ പെട്ടിയാണ് ഇന്നത്തെ അവളുടെ സന്തോഷം

എന്നെയും മടിയിലിരുത്തി അവൾ പെട്ടി പൊട്ടിച്ചു തുടങ്ങി പെട്ടിയുടെ അവസാനഭാഗവും പൊട്ടിച്ചതും എന്നെ മടിയിൽ നിന്ന് എടുത്ത് എറിഞ്ഞതും ഒപ്പമായിരുന്നു

ഞാൻ തെറിച്ച് അലമാരയുടെ മൂലയിൽ പോയി പതിച്ചു .എൻറെ കണ്ണുകൾ വേഗത്തിൽ അടയുകയും തുറക്കുകയും ചെയ്തു കൊണ്ടേയിരുന്നു.

കാർത്തുവിന് എന്തുപറ്റി എന്നറിയാൻ ഞാൻ അലമാരയുടെ വിടവിലൂടെ അവളെ നോക്കി. അവളുടെ കയ്യിൽ എന്നെക്കാൾ സുന്ദരിയായ ഒരു പാവ അതിൻറെ പുറകിൽ കാർത്തു എന്തോ ചെയ്യുന്നു ചക്രം പോലെ എന്തോ ഘടിപ്പിച്ചിരിക്കുന്നു.

കാർത്തു എല്ലാവരെയും ഉറക്കെ വിളിച്ചു എന്നിട്ട് അവളുടെ

പുതിയ പാവയെ നിലത്തു വച്ചു . ഉറക്കെ പാട്ടുപാടി ,കണ്ണുകളടച്ചു പല നിറത്തിലുള്ള പ്രകാശം പരത്തിയും അവിടെയെല്ലാം പാവ ഓടിനടന്നു. കാർത്തു എന്നെ ആദ്യമായി കണ്ടപ്പോൾ ഉണ്ടായ ആ സന്തോഷം അവളുടെ മുഖത്ത് എനിക്ക് കാണാൻ കഴിഞ്ഞു.

ദിവസങ്ങൾ കടന്നു പോയി ഞാൻ ഇപ്പോഴും ഇവിടെ തന്നെ കിടക്കുകയാണ് എൻറെ ഒരു കണ്ണുമാത്രം അടഞ്ഞിരിക്കുന്നു. ഇപ്പോൾ കാർത്തുവിൻറെ ശബ്ദത്തേക്കാൾ കൂടുതലായി പുതിയ പാവയുടെ പാട്ട് ആണ് വീട്ടിൽ മുഴുവനും കേൾക്കുന്നത്

പെട്ടെന്ന് ആണ് എൻറെ കാലുകൾ ആരോ പിടിച്ചു വലിക്കുന്നത് പോലെ എനിക്ക് തോന്നിയത്. തോന്നിയതല്ല കേട്ടോ പിടിച്ചു വലിക്കുന്നുണ്ട് .അത് കാർത്തു വിൻറെ അമ്മയായിരുന്നു. എൻറെ അടഞ്ഞ കണ്ണ് ഒന്ന് തുറക്കാൻ നോക്കി .

അയ്യോ എനിക്ക് കഴിയുന്നില്ല .അമ്മ എൻറെ അടഞ്ഞ കണ്ണ് ഒരു വിരൽ കൊണ്ട് പതിയെ ഉയർത്താൻ ശ്രമിച്ചു. വീണ്ടും അടഞ്ഞു പോവുകയാണല്ലോ. എൻറെ ഒരു കണ്ണിൻറെ കാഴ്ച നഷ്ടമായിരിക്കുന്നു.

അമ്മ എന്നെ അവളുടെ റൂമിനരികിലേക്ക് കൊണ്ടുപോയി.  കുറച്ചു ദിവസങ്ങൾക്ക് ശേഷമാണ് ഞാൻ കർത്തുവിനെ കാണുന്നത് അവളുടെ മടിയിൽ പുതിയ പാവയെ ഇരുത്തി എന്തോ വരയ്ക്കുകയാണ്.

നിനക്ക് ഈ പാവയെ ഇനി വേണോ ?അമ്മയുടെ ഒരു ഒറ്റ ചോദ്യം തലയുയർത്തി എന്നെ നോക്കുകപോലും ചെയ്യാതെ കാർത്തു ഉത്തരം പറഞ്ഞു. എനിക്ക് വേണ്ട .. ആ ഉത്തരം എന്നെ വല്ലാതെ സങ്കടപ്പെടുത്തി തല കീഴായി പിടിച്ച് എന്നെയും കൊണ്ട്  നടന്നു നീങ്ങി പോകുന്നതിനിടയിൽ അമ്മ ഒന്നുകൂടി പറഞ്ഞു നിനക്ക് വേണമെങ്കിൽ ഈ ഉടുപ്പ് ഊരി എടുക്കാം പുതിയ പാവയ്ക്കു ഇട്ട് കൊടുക്കാമല്ലോ. അമ്മ..... അത് ഊരി എടുക്ക്......... ആ ശബ്ദം എൻറെ ചെവിയിൽ വല്ലാതെ . ഇരച്ചുകയറി

അലക്കു കല്ലിൽ കൊണ്ടിരുത്തി അമ്മ എൻറെ നിറമുള്ള പച്ച ഉടുപ്പിന് ഊരിയെടുത്തു പിന്നീട് മാസങ്ങളും ദിവസങ്ങളും കടന്നുപോയത് ഒരു ചാക്കിനുള്ളിൽ ആയിരുന്നു ഇവിടെ ഞാൻ മാത്രമല്ല എൻറെ കൂടെ പഴയ പൊട്ടിയ വണ്ടികളും പാത്രങ്ങളും കുപ്പികളും എല്ലാമുണ്ട്

ഇപ്പോൾ എൻറെ ശരീരം ആകെ ചെളിയിൽ കുളിച്ചിരിക്കുന്നു ഒരു കാല് എന്നിൽ നിന്നും അകന്ന്

പോയിരിക്കുന്നു പൂർണ്ണമായും എന്നിലെ എല്ലാ അനക്കവും നിശ്ചലം ആയിക്കൊണ്ടിരിക്കുന്നു ഈയൊരു കണ്ണിൻറെ അനക്കം മാത്രമേ  സ്വന്തമായി ഉള്ളൂ എന്ന യാഥാർത്ഥ്യം ഞാൻ മനസ്സിലാക്കുന്ന.

ഞങ്ങളുടെ ചാക്കു കെട്ടിന്  അനക്കം സംഭവിച്ചിരിക്കുന്നു പെട്ടെന്നൊരു കാറ്റ് ഞങ്ങളെ തൊട്ടുതലോടി ഉയരങ്ങളിലേക്ക് ഞങ്ങൾ പറന്നു ഒടുവിൽ ഒരു വാഹനത്തിൽ പോയാണ് പതിച്ചത് ആ  ഏറിൽ  എൻറെ തല ഊരിത്തെറിച്ചു .....

വാഹനം സ്റ്റാർട്ട് ചെയ്തു പോകുന്ന വഴിയിൽ അയാൾ ഉറക്കെ വിളിച്ചു കൂവി പഴയ... കുപ്പി... പ്ലാസ്റ്റിക്... പേപ്പർ ..പാട്ട... എടുക്കുവാൻ ഉണ്ടോ..... അപ്പോഴും എൻറെ ഒരു കണ്ണ് പ്രവർത്തിക്കുന്നുണ്ടായിരുന്നു കാർത്തു വിനെ ഒന്ന് എത്തി നോക്കി പതിയെ അതും അടഞ്ഞു. ഇനി വേറെ രൂപത്തിൽ പുതിയ കളിപ്പാട്ടം ആവാൻ ഒരു യാത്ര.....

***K SURYA***

***P.E.T TEACHER***



## *The Skeleton in the Attic*

I cannot recall what day it was.
But as we lined up and climbed up,
The winding wooden rungs
Creaked and moaned
Under panicked little feet.
Breathing bird slime the wind
Giggled with the wise mango trees
As the teacher opened the evil door.
Huddled up clenching our fists
To confront evil squarely
Panicked eyes took a glance.
Hollow eyes stared back
And a sigh escaped newly bold breasts.
Dangling in the dead centre
There it was, in bleak yellow
Pathetic and fragile
Broken ribs and bones tied crudely
Priced possession of our
Village school.
Oft a creak of wooden rungs
Send pigeons fluttering from
My heart.
The waft of bird slimes
Fills my nose still.
But the kid within laughs holding my hands.
As I struggle with new doors.



**Kavya T**

# യാത്ര

ചേച്ചിയുടെ കല്യാണമാണ് അടുത്തയാഴ്ച. പുത്തനുടുപ്പും ആഭരണങ്ങളും എടുക്കാൻ വേണ്ടി എറണാകുളത്തേക്ക് പോകുകയാണ് ഞങ്ങൾ. അമ്മയും, അച്ഛനും, ചേച്ചിയും ,ചേട്ടനും എല്ലാവരും ഉണ്ട്. വളരെയധികം ദൂരം ഉള്ളതുകൊണ്ടും, ഇരുട്ടും മുമ്പ് വീട്ടിൽ എത്തേണ്ടതുകൊണ്ടും പുലർച്ചയ്ക്ക് തന്നെ ഞങ്ങൾ വീട്ടിൽ നിന്ന് ഇറങ്ങി. കാറിലാണ് യാത്ര. അമ്മായിയും, മാമനും, അവരുടെ മക്കളും എല്ലാം മാമൻറെ കാറിലും, ഞങ്ങളെല്ലാവരും എൻറെ അച്ഛൻറെ കാറിലും ആണ് യാത്ര. ഒരുപാട് ദൂരം യാത്ര ചെയ്യാൻ കഴിയാത്തതുകൊണ്ട് വല്യമ്മ ഞങ്ങളുടെ കൂടെ വന്നില്ല. വല്യമ്മയ്ക്ക് കൂട്ടിന് അമ്മ എന്നോട് വീട്ടിൽ നിന്നോളാൻ പറഞ്ഞതാ. പക്ഷേ ദീർഘദൂരം യാത്ര ഉണ്ടല്ലോ. അതുകൊണ്ട് പുതിയ പുതിയ സ്ഥലങ്ങൾ കാണാനും അതിനെപ്പറ്റി മനസ്സിലാക്കാനുള്ള കൗതുകത്താൽ വാശിപിടിച്ച് ഞാനും അവരുടെ കൂടെ പോയി.

യാത്ര തുടങ്ങി കുറച്ചുനേരത്തിനുശേഷം ഞാൻ ഉറങ്ങിപ്പോയി. കണ്ണ് തുറന്നപ്പോൾ നേരം വെളുത്തിരുന്നു. വയറ് വിശപ്പ് കൊണ്ട് പ്രതിഷേധിക്കാൻ തുടങ്ങി. കുറച്ചുനേരം വെള്ളം കുടിച്ച് വിശപ്പിനെ പിടിച്ചു നിർത്തി. അതുകഴിഞ്ഞപ്പോൾ എനിക്ക് വിശപ്പ് സഹിക്കാൻ കഴിഞ്ഞില്ല. ഞാൻ അച്ഛനോട് പറഞ്ഞു." അച്ഛാ എനിക്ക് വിശക്കുന്നു എന്തെങ്കിലും മേടിച്ചു തര്വോ". അച്ഛൻ കാർ ഒരു ഹോട്ടലിനു മുന്നിൽ നിർത്തി. ഭക്ഷണം കഴിച്ചതിനുശേഷം വീണ്ടും യാത്ര ആരംഭിച്ചു. കുറച്ചുനേരത്തിനുശേഷം ഞങ്ങൾ പൂത്തോട്ടയിൽ എത്തി. മൂന്നു ജില്ലകൾ ഒന്നിക്കുന്ന പ്രകൃതിരമണീയമായ സ്ഥലം. നിറയെ കായലുകളും അവയുടെ അരികിലായി തെങ്ങുകളും നിറഞ്ഞു നിൽക്കുന്നു. പ്രകൃതിയുടെ സൗന്ദര്യം ആസ്വദിച്ചു നിൽക്കുമ്പോഴാണ് ഞങ്ങൾ ആ കാഴ്ച കണ്ടത്. റോഡിൽ വണ്ടികൾ നിർത്തിയിട്ടിരിക്കുന്നു. ആളുകൾ തിങ്ങി നിൽക്കുന്നുണ്ട്. എന്താണ് നടക്കുന്നതെന്ന് അറിയാൻ എനിക്ക്

തിടുക്കമായി. അച്ഛൻ വണ്ടിയുടെ ഗ്ലാസ് തുറന്നു ഒരാളോട് ചോദിച്ചു." എന്താ അവിടെ ? എന്തിനാ വണ്ടികൾ നിർത്തിയിട്ടിരിക്കുന്നത്? " അയാൾ പറഞ്ഞു. " അവിടെ ഒരു പെൺകുട്ടിയെ ലോറി ഇടിച്ചു. ലോറിക്കാരൻ കായലിലേക്ക് എടുത്തുചാടി, പിടിച്ചു പോലീസിൽ ഏൽപ്പിക്കാൻ നിന്നതാ ". അതുകേട്ടപ്പോൾ എനിക്ക് വിഷമമായി. ഞാൻ അച്ഛനോട് പറഞ്ഞു. "അച്ഛാ നമുക്ക് ആ പെൺകുട്ടിയെ രക്ഷിച്ചാലോ". " അതുവേണ്ട എന്തെങ്കിലും കുഴപ്പമുണ്ടെങ്കിലേ....പണി  കിട്ടും. ഒരാഴ്ച കൂടിയേ ഉള്ളൂ കല്യാണത്തിന്, പ്രശ്നം വല്ലതും ഉണ്ടായാൽ നിൻറെ ഭാവിയല്ല എൻറെ ഭാവിയാ പോവുക". ചേച്ചി എന്നെ നിരുത്സാഹപ്പെടുത്തി. അച്ഛൻ പറഞ്ഞു." ആ കുട്ടി ഇപ്പോൾ മരിച്ചു കാണും. കുറെ നേരമായില്ലേ"... "ചിലപ്പോൾ ആ കുട്ടിക്ക് ജീവൻ ഉണ്ടെങ്കിലോ അച്ഛാ",ഞാൻ ചോദിച്ചു." "നിന്നോട് അച്ഛനും ചേച്ചിയും പറഞ്ഞത് കേട്ടില്ലേ ? പിന്നെന്താ... കുറച്ചുനേരം മിണ്ടാതിരിക്കാൻ പറ്റുമോ നിനക്ക്?" അമ്മ എന്നെ ചീത്ത പറഞ്ഞു. ചേട്ടൻ എന്നെ താങ്ങി കൊണ്ട് അമ്മയോട് പറഞ്ഞു,"അവളെ എന്തിനാ ചീത്ത പറയുന്നത്? അവൾ നല്ല കാര്യമല്ലേ പറഞ്ഞത്?" "അവൾ ഓരോ പൊട്ടത്തരം പറയുന്നത് കേട്ട് നിങ്ങൾ അവളെ താങ്ങാൻ ഒന്നും നിൽക്കണ്ട". അമ്മ ഏട്ടനോട് പറഞ്ഞു. ചേച്ചി എന്നെ നോക്കി പരിഹസിച്ചു. ചേട്ടൻ എന്നെ ചേർത്ത് പിടിച്ച് സാരമില്ല എന്ന രീതിയിൽ ഒന്ന് തലോടി. എത്ര തന്നെയായാലും ആ കുട്ടിയെ കുറിച്ചുള്ള ചിന്ത എൻറെ മനസ്സിൽ നിന്നും മാഞ്ഞു പോയിരുന്നില്ല.

Hima. A
X. A

# ചളവറ

ചളവറ എന്നൊരു ഗ്രാമമുണ്ട്
പൂങ്കാവനങ്ങളും മലരണിക്കാടുകളും
നെൽപ്പാടങ്ങളുംനിറഞ്ഞതാണ്
റോഡുകളും ഉണ്ട് എല്ലാ ദിക്കിലേക്കും
നാലുഭാഗത്തും കുറെ ഗ്രാമങ്ങളും ഉണ്ട്,ഭംഗിയുള്ളതാണ്
ചളവറ ഗ്രാമം.....
വിദ്യയെ ആദരിക്കുന്ന സ്നേഹിക്കുന്ന ജനമാണ് ചളവറയിൽ
ചളവറയിൽ കുറേ വിദ്യാലയങ്ങൾ ഉണ്ട്
എല്ലാറ്റിനും ഉപരിയായി മാതൃകയായി ചളവറ ഹൈസ്കൂൾ
നിലകൊള്ളുന്നു
പ്രധാനപ്പെട്ട എല്ലാ ഓഫീസുകളും ഉണ്ടവിടെ
അലോപ്പതി ആയുർവേദം ഹോമിയോപ്പതി
എന്ന എല്ലാ വൈദ്യത്തിനുമുള്ള സൗകര്യങ്ങളും ഉണ്ടവിടെ
ജനങ്ങൾക്ക് ആവശ്യമായ എല്ലാ സാധനങ്ങളും
കിട്ടുന്ന കച്ചവട സ്ഥലങ്ങളും ഉണ്ടവിടെ
വായനശാലയും മഹിളാ സമാജവും ബാലവാടിയും
മദ്രസയും റിക്രിയേഷൻ ക്ലബ്ബുകളും ഉണ്ടവിടെ
എല്ലാ മതക്കാരും ജാതിക്കാരും ഒത്തൊരുമിച്ച്
സ്നേഹത്തോടെ കഴിയുന്ന സ്ഥലമാണത്
സൗഹൃദത്തോടെ മാന്യതയോടെ
അഭിമാനത്തോടെ കഴിയുന്ന സ്ഥലമാണ് ചളവറ,
എല്ലാവരും ഒരുമിച്ചു കഴിയുന്നു,
കലകൾ നിറഞ്ഞ യഥാർത്ഥ കേരളമാണ് ചളവറ
അമ്പലങ്ങളും പള്ളികളും ഉള്ള ദൈവിക സ്ഥലമാണ് ചളവറ.

വേശമണി ടീച്ചർ

# അത്തി കുരുവി

കിഴക്കേ പാടം എന്ന ഗ്രാമം. ഏതു കാലാവസ്ഥയിലും മനോഹരമായിരുന്നു കിഴക്കേപ്പാടം. കിളികളുടെ ഇഷ്ടത്തിന് കൂടുകൂട്ടാൻ പറ്റിയ ഒരുപാട് മരങ്ങൾ തിങ്ങിനിറഞ്ഞൊരു ഗ്രാമം. ഏതൊരാളും ആ മനോഹാരിത ഒന്നു നോക്കി നിന്നു പോകും.

ആ അത്തിമരത്തിന്റെ ചില്ലയിൽ ഒരു കുരുവി കൂടു കൂട്ടി. തന്റെ ആവശ്യത്തിനനുസരിച്ച് ഭക്ഷണവും കുഞ്ഞുങ്ങൾക്ക് അനുയോജ്യവും സുരക്ഷിതവുമായ ഒരു മരം തേടി ഒരുപാട് അവൾ അലഞ്ഞിരുന്നു. അങ്ങനെയാണ് അവൾ ആ അത്തിമരം കണ്ടെത്തിയത്. അങ്ങനെ അവൾ വളരെ സന്തോഷത്തോടെ കൂട്ടിൽ മൂന്നു മുട്ടയിട്ടു. ആഹ്ലാദത്തോടെയും അതിലുപരി ആകാംക്ഷയോടെയും അവൾ ആ മുട്ടയ്ക്ക് അടയിരുന്നു. ദിവസങ്ങൾ കടന്നുപോയി. ഓരോ ദിവസം കൂടുന്തോറും അവളുടെ സന്തോഷം ഇരട്ടിച്ചു.അവൾ കൂട്ടിൽ നിന്ന് ഇറങ്ങുന്ന സമയം വളരെ കുറവായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം രാവിലെ അതുവഴി വന്ന ഒരു അണ്ണാനായിരുന്നു അവളുടെ കുഞ്ഞുങ്ങളെ ആദ്യമായി കണ്ടത്. കൂട്ടിൽ നിന്ന് ചെറുതായി തലപൊക്കി നോക്കുന്ന  തവിട്ടു നിറത്തിലുള്ള മൂന്നു കുഞ്ഞു കുരുവികൾ. അമ്മക്കിളി സന്തോഷത്തോടെ ചുറ്റും പാറി നടന്നു. അതിരില്ലാത്ത സന്തോഷത്താൽ അവർ ഉറക്കെ ശബ്ദമുണ്ടാക്കി. കുഞ്ഞുങ്ങളെ കാണാനായി അത്തിമരത്തിലെ മറ്റ് അന്തേവാസികളും അവിടേക്ക് ചെന്നു. അങ്ങനെ രണ്ടു ദിവസം കടന്നുപോയി. ആ രണ്ടു ദിവസവും അവൾ അത്തിപ്പഴമാണ് കുഞ്ഞുങ്ങൾക്ക് കഴിക്കാൻ കൊടുത്തിരുന്നത്. അതുകൊണ്ട് കുഞ്ഞുങ്ങൾ അത്തിപ്പഴത്തിൽ വലിയ താല്പര്യം കാണിച്ചില്ല. അതിനാൽ അവൾ മറ്റെന്തെങ്കിലും ഭക്ഷണം കുഞ്ഞുങ്ങൾക്ക് കൊടുക്കാൻ തീരുമാനിച്ചു. ഒരു ദിവസം അതിലെ വന്ന പരുന്തച്ഛനോട് അവൾ ചോദിച്ചു.

"പരുന്തച്ഛാ നല്ല പഴങ്ങൾ കിട്ടുന്ന ഒരു സ്ഥലം ഏതാ?" പരുന്തച്ഛൻ പറഞ്ഞു. അപ്പുറത്തെ കുന്നിൻ ചെരുവിൽ ഒരു മുന്തിരിത്തോപ്പുണ്ട്. അവൾ പിറ്റേ ദിവസം രാവിലെ തന്നെ അങ്ങോട്ടു പുറപ്പെട്ടു. അവിടെ ചെന്ന് വേണ്ടത്ര പഴങ്ങൾ പറിച്ചു കൊണ്ടിരിക്കെ അവിടെ വന്ന മറ്റു കിളികളുടെ സംസാരം കേട്ടു. കിഴക്കേ പാടത്ത് അത്തിമരങ്ങളെല്ലാം വെട്ടി എന്നായിരുന്നു ആ വാർത്ത. അവളുടെ നെഞ്ചു കലങ്ങി. ഉടൻതന്നെ അവൾ തന്റെ കുഞ്ഞുങ്ങൾ ഇരിക്കുന്ന അത്തിമരത്തിലേക്ക് വേഗത്തിൽ പറന്നു. അവിടെ കണ്ട കാഴ്ച അവളെ തകർത്തു കളഞ്ഞു. അവിടെ ആ അത്തിമരം കാണാൻ പോലുമില്ല. തന്റെ കൂടും ആ മരത്തിനടിയിൽ പെട്ടിരിക്കുന്നു. അവൾ തന്റെ കുഞ്ഞുങ്ങളെ എല്ലായിടത്തും തിരഞ്ഞു നോക്കി. അത്ഭുതം എന്നു പറയട്ടെ, അപായം മുന്നിൽകണ്ട് ആ മരത്തിലുണ്ടായിരുന്ന ഒരു മഞ്ഞ കിളി അവളുടെ കുഞ്ഞുങ്ങളെയും കൂട്ടി ഒരു മാവിൻ കൊമ്പിലേക്ക് മാറിയിരുന്നു. ആ കുഞ്ഞുങ്ങൾ രക്ഷപ്പെട്ടിരിക്കുന്നു. അവരെയും കൂട്ടി അവൾ മറ്റൊരിടം തേടിപ്പോയി.

# SPC PASSING OUT PARADE







# YOUTH FESTIVAL









# SPORTS DAY





# നന്ദി......

***JISHA M R***
***KITE MISTRESS***

***KAVITHA T***
***KITE MISTRESS***